ഒരു ആര്യസമാജം പ്രസിദ്ധീകരണം
*Date of Publication 10/03/2018*

*RNI NO. KERMAL /2013/53849*
*REGISTERED NO. OTTAPALAM/5/2017-19*


# NECHIYIL

**AYURVEDA VAIDYASALA & NURSING HOME**
**Karalmanna - 679 506**
**Ph: 0466-2281540 (Clinic), 2283408 (nursing home), 2282240 (res)**
**www.nechiyilayurveda.com**
**email:snechiyil@gmail.com**






- **For scientific Ayurvedic treatments with a traditional touch**
- **SNEHA SWEDA KARMAS & PANCHAKARMA treatments are also done.**
- **Specialised in SIDHA medicine**

**PHYSICIANS**

**Proff, Dr. N. Sasi kumar, B.A.M.S., M.D. (Ay)**

**Dr. Krishna Sasi Kumar, B.A.M.S**

**(OP Timing: 8.30 am to 1 pm & 3 pm to 7 pm)**

**Medicine Manufacturing Sector: SIDHESWARA DRUGS**
**Division for Manufacturing & Distribution of**
**Sidha and Ayurvedic Medicine**


*Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan Vellinezhi (P.O) Palakkad-679 504. Printed at Ambal Quick Print Shop Near Head Post Office Palakkad - 01 and Published from Arya Samajam, Pandit Lekh Ram Smruthi Bhavan, Vellinezhi (P.O) Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan*

*Email: dayanandasandesam@gmail.com* *Phone: 9562529095*



॥ओ३म्॥

# ദയാനന്ദ സന്ദേശം

*ആര്യസമാജത്തിന്റെ മുഖപത്രം*

**വൈദിക – ദാർശനിക മാസിക**

**DAYANANDA SANDESAM**

ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!



പുസ്തകം : 6 ലക്കം 9

സൃഷ്ടി സംവൽസരം 1972949119/120 കലിവർഷം 5119 / 5120 ഫൽഗുനം – ചൈത്രം
1193 കുംഭം – മീനം 2018 മാർച്ച്

വാർഷിക വരിസംഖ്യ: ₹ 100/- ദീർഘകാലം: ₹1500/-



**പണ്ഡിറ്റ് ലേഖ്റാം (1858 – 1897)**

**<u>ഭാരത ചരിത്രത്തിൽ ഈ മാസം ഓർമ്മിക്കേണ്ട പ്രധാന ദിനങ്ങൾ</u>**

| | | |
|---|---|---|
| മാർച്ച് 6 | : | പണ്ഡിറ്റ് ലേഖ്റാം രക്തസാക്ഷി ദിനം |
| മാർച്ച് 18 | : | വർഷപ്രതിപദ (വൈദിക പുതുവത്സര ദിനം) |
| മാർച്ച് 19 | : | പണ്ഡിറ്റ് ഗുരുദത്ത് വിദ്യാർത്ഥി സ്മൃതിദിനം |
| മാർച്ച് 23 | : | സർദാർ ഭഗത് സിംഗ്, സുഖ്ദേവ്, രാജ്ഗുരു എന്നിവരുടെ രക്തസാക്ഷി ദിനം |

*"മാനവരെല്ലാം ആര്യന്മാർ!*
*വേദജ്ഞാനം ഈശ്വരദത്തം!*
*സേവനമല്ലോ നമ്മുടെ ധർമ്മം! "*

(മുൻലക്കത്തിന്റെ തുടർച്ച)

# വേദാദ്ധ്യയനം

**മണ്ഡലം 1 സൂക്തം 7**

**മധുഛന്ദാ ഋഷിഃ ഇന്ദ്രോദേവതാ പിപീലികാമദ്ധ്യാനിച്ചൃത് ഗായത്രീഛന്ദഃ ഷഡ്ജഃ സ്വരഃ**



**ഇന്ദ്രം വോ വിശ്വതസ്പരി ഹവാമഹേ ജനേഭ്യഃ।**
**അസ്മാകമസ്തു കേവലഃ॥**

**(ഋഗ്വേദം 1.7.10)**

**പദാർത്ഥം:** നമ്മൾ ഏതൊരു (വിശ്വതഃ) സർവ്വപദാർത്ഥങ്ങളിലും (ജനേഭ്യഃ) സർവ്വ പ്രാണികളിലും (പരി) ഉത്തമോത്തമമായ ഗുണങ്ങൾ നൽകി ശ്രേഷ്ഠതരമാക്കുന്ന (ഇന്ദ്രം) പൃഥിവിയിൽ ഭരണം നടത്തുന്ന പരമേശ്വരനെ (ഹവാമഹെ) വീണ്ടും വീണ്ടും നമ്മുടെ ഹൃദയത്തിൽ സ്മരിക്കുന്നുവോ ആ പരമേശ്വരൻ (വഃ) നമുക്കേവർക്കും പൂജചെയ്യാൻ യോഗ്യനായ ഇഷ്ടദേവനാണ് (കേവലഃ) ചേതനാ മാത്രസ്വരൂപം ഒന്നു മാത്രമാണ്.

**ഭാവാർത്ഥം:** ഈശ്വരൻ ഈ മന്ത്രത്തിൽ എല്ലാമനുഷ്യർക്കും ഹിതത്തിനായി ഉപദേശം നൽകുന്നു. അല്ലയോ മനുഷ്യരെ! എന്നെ ഒഴിച്ച് മറ്റാരേയും ഉപാസനായോഗ്യനായ ദേവനായി ഒരിക്കലും കാണരുത്. എന്തെന്നാൽ ഞാനല്ലാതെ മറ്റൊരീശ്വരനില്ല. വേദങ്ങളിൽ ഈശ്വരൻ ഇങ്ങനെ ഉപദേശിക്കുമ്പോൾ മനുഷ്യർ അനേകം ഈശ്വരൻമാരേയും അവതാരങ്ങളേയും മാനിക്കുന്നത് വലിയ മൂഢത്വമാണ്.

ഈ ഏഴാം സൂക്തത്തിൽ ഈശ്വരൻ തന്റെ രചനയെ സിദ്ധിക്കുന്നതിനായി അന്തരീക്ഷത്തിൽ സൂര്യനേയും വായുവിനേയും സ്ഥാപിച്ചിരിക്കുന്നു. അദ്ദേഹം മാത്രമാണ് സർവ്വശക്തിമാനും സർവ്വദോഷഹരിതനും എല്ലാമനുഷ്യർക്കും പൂജ്യനുമായിട്ടുള്ളത്. ആറാം സൂക്തത്തിൽ പറഞ്ഞ വസ്തുക്കളുടെ തുടർച്ചയാണ് ഈ ഏഴാം സൂക്തത്തിൽ വിവരിക്കുന്ന അർത്ഥങ്ങളെന്നും മനസ്സിലാക്കണം.

**(മഹർഷി ദയാനന്ദസരസ്വതിയുടെ ഋഗ്വേദഭാഷ്യത്തിൽ നിന്ന് തർജ്ജമഃ കെ.എം.രാജൻ)**

## ദയാനന്ദസന്ദേശം വരിസംഖ്യ പുതുക്കുക

ദയാനന്ദസന്ദേശത്തിന്റെ വരിസംഖ്യാ കാലാവധി സമാപിച്ചവർ എത്രയും വേഗം അത് പുതുക്കി ഈ വേദപ്രചാരണ യജ്ഞത്തിൽ തുടർന്നും സഹകരിക്കാൻ അഭ്യർത്ഥിക്കുന്നു. വാർഷികവരിസംഖ്യ 100 രൂപ. ദീർഘകാലം 1500/- രൂപ. വരിസംഖ്യ അയക്കേണ്ട **വിലാസം: വ്യവസ്ഥാപകൻ, ദയാനന്ദ സന്ദേശം, ആര്യസമാജം, വെള്ളിനേഴി പി. ഒ., പാലക്കാട് – 679 504**

***ഈശാ വാസ്യമിദം സർവ്വം യത്കിംഞ്ച ജഗത്യാം ജഗത് (യജുർവ്വേദം 40.1)***
***ഈ ജഗത് മുഴുവനും ഈശ്വരമയമാണ്***





# ആര്യജഗത്തിൽ നിന്നുള്ള വാർത്തകൾ

**വേദഗുരുകുലത്തിലേക്ക് പ്രവേശനം ആരംഭിച്ചു.**

കാറൽമണ്ണ വേദഗുരുകുലത്തിൽ വിഷുദിനത്തിൽ ആരംഭിക്കുന്ന വേദ-വേദാംഗ വ്യാകരണ കോഴ്സിന് യോഗ്യരായ വിദ്യാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. അടിസ്ഥാന യോഗ്യത സംസ്കൃതം ഒരു വിഷയമായി എസ്.എസ്.എൽഎസിയോ പ്ലസ്സ് ടുവോ എല്ലാ വിഷയങ്ങൾക്കും A ഗ്രേഡോഡു കൂടി പാസ്സായവരായിരിക്കണം. എസ്.എസ്.എൽ.എസി കഴിഞ്ഞവർക്ക് പ്ലസ് ടു പഠിക്കുവാനുള്ള സൗകര്യവും ഉണ്ടായിരിക്കും. വൈദിക പഠനവും പ്ലസ് ടു പഠനവും വിജയകരമായി പൂർത്തിയാക്കുന്നവർക്ക് തുടർന്നുള്ള ബിരുദ – ബിരുദാനന്തര പഠനവും വൈദിക വിഷയങ്ങളിൽ ഗവേഷണം നടത്താനും ഡൽഹി യൂണിവേഴ്സിറ്റി, ജെ.എൻ.യു. എം.ഡി. യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽ അവസരം ലഭിക്കും. പഠനക്കാലത്ത് ലീവ് അനുവദിക്കുന്നതല്ല. **കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: 9562529095, 7907077891**


ദയാനന്ദ സന്ദേശം: ഉടമസ്ഥതയും വിശദാംശങ്ങളെയും സംബന്ധിച്ചുള്ള സ്ഥിതി വിവരം (1956 ലെ കേന്ദ്ര ന്യൂസ് പേപ്പർ നിയമപ്രകാരവും 19 ഡി (ബി) യിലെ പി.ആർ.ബി. നിയമത്തിൻ പ്രകാരവും പ്രസിദ്ധപ്പെടുത്തുന്നത്.

**ഫോറം IV**

| | | | |
|---|---|---|---|
| 1. | പ്രസിദ്ധീകരിക്കുന്ന സ്ഥലം | - | ആര്യസമാജം, പണ്ഡിറ്റ് ലേഖ്റാം സ്മൃതി ഭവൻ, വെള്ളിനേഴി (പി.ഒ), പാലക്കാട് - 679 504, കേരളം |
| 2. | പ്രസിദ്ധീകരണ സ്വഭാവം | - | മാസിക |
| 3. | അച്ചടിക്കുന്ന ആളിന്റെ പേര് | - | കെ.എം. രാജൻ |
| | ഭാരതീയനാണോ | - | അതെ |
| | മേൽവിലാസം | - | ആര്യസമാജം പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ, വെള്ളിനേഴി (പി.ഒ), പാലക്കാട് - 679 504, കേരളം |
| 4. | പ്രസാധകന്റെ പേര് | - | കെ.എം. രാജൻ |
| | ഭാരതീയനാണോ | - | അതെ |
| | മേൽവിലാസം | - | ആര്യസമാജം, പണ്ഡിറ്റ് ലേഖ്റാം, സ്മൃതി ഭവൻ, വെള്ളിനേഴി (പി.ഒ), പാലക്കാട് - 679 504, കേരളം |
| 5. | പത്രാധിപരുടെ പേര് | - | കെ.എം. രാജൻ |
| | മേൽവിലാസം | - | ആര്യസമാജം, പണ്ഡിറ്റ് ലേഖ്റാം, സ്മൃതി ഭവൻ, വെള്ളിനേഴി (പി.ഒ), പാലക്കാട് - 679 504, കേരളം |

6. പത്രത്തിന്റെ ഉടമസ്ഥതിയിൽ ഒരു ശതമാനമോ അതിലധികമോ ഓഹരിയോ പങ്കാളിത്തമോ ഉള്ള വ്യക്തിയുടെ/ സ്ഥാപനത്തിന്റെ പേരും മേൽവിലാസവും - ആര്യസമാജം, പണ്ഡിറ്റ് ലേഖ്റാം, സ്മൃതി ഭവൻ, വെള്ളിനേഴി (പി.ഒ), പാലക്കാട് - 679 504, കേരളം

മുകളിൽ കൊടുത്തിട്ടുള്ള വിവരങ്ങൾ എന്റെ അറിവിന്റെയും വിശ്വാസത്തിന്റെയും വെളിച്ചത്തിൽ സത്യമാണെന്ന് ഞാൻ കെ.എം. രാജൻ പ്രസ്താവിച്ചു കൊള്ളുന്നു.

സ്ഥലം: **വെള്ളിനേഴി** ഒപ്പ്
തിയ്യതി: **10. 03. 2018** കെ.എം. രാജൻ, പ്രസാധകൻ


***ഛിദ്രം വൃണ (യജുർവ്വേദം 12.54)***
***തങ്ങളുടെ കുറവുകളെ ഇല്ലായ്മ ചെയ്താലും***

ക്കുമ്പോൾതന്നെ അവക്കു വിരുദ്ധമായ കപോലകൽപ്പിത കഥകൾ പടച്ചുവിട്ടു ശിവ സ്വരൂപത്തെ വികൃതമാക്കി.

**രാമായണത്തിൽ വർണ്ണിക്കുന്ന ശിവൻ**

രാമായണമെന്ന പേരിൽ പല പുസ്തകങ്ങളും ഇന്ന് പ്രചാരത്തിലുണ്ട്. വാല്മീകി മഹർഷിയാൽ രചിക്കപ്പെട്ട രാമായണത്തിനാണ് ആധികാരികതയുള്ളത്. വൈവിദ്ധ്യമാർന്ന പലകഥകളും ഈ വ്യത്യസ്തങ്ങളായ രാമായണങ്ങളിൽ കാണാം. വാല്മീകിയുടെ കഥനം സത്യത്തോടടുത്തു നിൽക്കുന്നതാണ്. അവയെ നമുക്ക് വിശ്വാസത്തിലെടുക്കാം.

വാൽമീകി രാമായണം ബാലകാണ്ഡത്തിൽ ഇരുപത്തിമൂന്നാം സർഗ്ഗത്തിലാണ് ശിവനെ കുറിച്ചുള്ള വർണ്ണന ആദ്യമായി കാണുന്നത്. ബാലകാണ്ഡത്തിലെ പല ശ്ലോകങ്ങളും പ്രക്ഷിപ്തങ്ങളാണ് എന്നാണ് പണ്ഡിതമതമെന്നും ഓർക്കണം. രാമലക്ഷ്മണന്മാർ വിശ്വാമിത്രമഹർഷിയുമൊത്ത് സരയൂനദിയുടെ തീരത്തുള്ള ഒരാശ്രമത്തിനടത്തുകൂടെ യാത്രചെയ്യുമ്പോൾ ഈ ആശ്രമം ആരുടേതാണെന്ന് അവർ വിശ്വാമിത്രനോട് ചോദിക്കുന്നുണ്ട്. വിശ്വാമിത്ര മഹർഷി അതിന് ഇപ്രകാരം മറുപടി നൽകുന്നത് കാണാം. "ബുദ്ധിമാന്മാരായവർ 'കാമൻ' എന്നു പറയുന്ന കാമദേവൻ ഒരു ശരീരധാരിയായിരുന്നു. ഈ സ്ഥലത്ത് ഏകാഗ്രചിത്തനായി തപസ്സനുഷ്ഠിച്ചു കൊണ്ടിരിക്കുകയായിരുന്നു ഭഗവാൻ സ്ഥാണു (ശിവൻ). ഒരു ദിവസം ദേവേശ്വരനായ ശിവൻ മരുത് ഗണങ്ങളോടൊത്ത് എവിടേക്കോ പോയികൊണ്ടിരിക്കുകയായിരുന്നു. ദുഷ്ടബുദ്ധിയായ കാമൻ അദ്ദേഹത്തെ ആക്രമിച്ചു. മഹാത്മാവായ ശിവൻ ഇതിൽ ക്രുദ്ധനായി ഹുംങ്കാരധ്വനി പുറപ്പെടുവിച്ചു. രുദ്രന്റെ കണ്ണുകളിൽനിന്നും പുറപ്പെട്ട ക്രോധാഗ്നിയിൽ കാമദേവൻ ഓരോ അംഗങ്ങളും ഉരുകി ഉരുകി നശിച്ചുപോയി. കാമദേവന്റെ ശരീരം അങ്ങനെ നഷ്ടമായി. അങ്ങനെ അദ്ദേഹം അനംഗനായി തീർന്നു. അല്ലയോ രാഘവാ അന്നുമുതൽ അയാൾ അനംഗനെന്ന പേരിൽ വിഖ്യാതനായി. ആ ശിവന്റെ ആശ്രമമായിരുന്നു ഇത്. (വാൽമീകി രാമായണം സർഗ്ഗം 23 ശ്ലോകം 10 മുതൽ 13 വരെ) കാളിദാസന്റെ രഘുവംശത്തിൽ ഈ കഥ പാർവ്വതിയുമായി ബന്ധപ്പെടുത്തിയാണ് പറയുന്നത്.

ഈ വർണ്ണനകളിൽ നിന്നും ശിവൻ എന്നുപേരായ ഒരു മഹാത്മാവ് ഈ ആശ്രമത്തിൽ തപസ്സുചെയ്തിരുന്നതായി ഇതിൽനിന്നും കണക്കാക്കാം. അദ്ദേഹം കാമത്തിന് ഒരു തരത്തിലും വശംവദനാവാത്തവനുമായിരുന്നു. അദ്ദേഹം വിവാഹിതനും മരുത് ഗണങ്ങളോടൊപ്പം സഞ്ചരിച്ചിരുന്നുവെന്നും പറയുന്നു. ഇത് അസംഗതമായി തോന്നുന്നു. വിവാഹിതനായിരുന്നെങ്കിൽ തീർച്ചായായും അദ്ദേഹം കാമത്തിൽനിന്ന് മുക്തനായിരുന്നു എന്ന് പറയുന്നത് ശരിയാകില്ലതാനും. കാമനെ ശരീരരഹിതനാക്കിയ ശിവൻ എങ്ങനെ വിവാഹിതനാകും? തീർച്ചയായും ഈ ശിവൻ വേദങ്ങളിൽ വർണ്ണിക്കുന്ന ശിവനല്ല. ഒരു മനുഷ്യനായിരുന്നു അദ്ദേഹം എന്നത് സ്പഷ്ടം.

(തുടരും)

**പത്രാധിപർ**





*(മുൻ ലക്കത്തിന്റെ തുടർച്ച)*

# വേദങ്ങളെ അറിയുക

ഡോ. വിവേക് ആര്യ
തർജ്ജമ: കെ.എം. രാജൻ

**അദ്ധ്യായം 2** **വേദവും ശുദ്രനും**

**അ**ല്ലയോ പരമേശ്വരാ! അങ്ങ് ഞങ്ങളുടെ രുചി ബ്രാഹ്മണർക്ക് യോജിച്ചതാക്കണെ, ക്ഷത്രിയർക്ക് യോജിച്ചതാക്കണെ, വൈശ്യർക്ക് യോജിച്ചതാക്കണെ, ശുദ്രൻമാർക്കും യോജിച്ചതാക്കണെ (അഥർവ്വവേദം 19.6.2.1) "അല്ലയോ പരമാത്മാവേ! എന്റെ സ്വഭാവവും ആചരണവും ബ്രാഹ്മണൻ, ക്ഷത്രിയർ, വൈശ്യർ, ശുദ്രൻ തുടങ്ങിയവർക്കൊക്കെ എന്നിൽ പ്രിയം തോന്നുന്നതരത്തിലാവട്ടെ! യജുർവ്വേദം 18.46 ൽ പറയുന്ന മന്ത്രത്തിന്റെ ഭാവം ഇങ്ങനെയാണ്. "അല്ലയോ പരമാത്മാവേ! അങ്ങയുടെ കൃപയാൽ ഞങ്ങളുടെ സ്വഭാവവും മനസ്സും ബ്രാഹ്മണ, ക്ഷത്രിയ, വൈശ്യ, ശുദ്രൻ തുടങ്ങിയ എല്ലാ വർണ്ണക്കാർക്കും പ്രിയം തോന്നുന്ന തരത്തിലാവട്ടെ. എല്ലാവർണ്ണങ്ങളിലുമുള്ളവരുമായി ഞങ്ങൾക്ക് സദാ പ്രേമഭാവനയോടെ സംസാരിക്കാനാവട്ടെ.

"അല്ലയോ ശത്രുനാശകനായ പരമേശ്വരാ! ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശുദ്രൻ എന്നിവർക്കെല്ലാമായും ഞാൻ ആരെയൊക്കെ ആഗ്രഹിക്കുന്നുവോ അവരെയെല്ലാം നല്ല പ്രകാരത്തിൽ കാണാൻ കഴിയട്ടെ (അഥർവ്വവേദം 19.32.8)

ഇപ്രകാരം വേദങ്ങളിലെ ഉപദേശങ്ങളിൽ ശുദ്രൻമാരോട് സദാപ്രേമവും പ്രീതിയും ചേർന്ന വ്യവഹാരം ചെയ്യാനും അവരെ തന്റെ തന്നെ സ്വന്തം അംഗമായി കാണാനുമുള്ള ഉദ്ബോധനങ്ങളുമുണ്ട്.

**ചോദ്യം 5: വേദങ്ങളിലെ പുരുഷ സൂക്തത്തിൽ ജാതിവാദത്തിന്റെ ഉൽപ്പത്തിയുടെ ആദികാരണം കാണാനാവുന്നുണ്ടല്ലോ?**

**ഉത്തരം** : 16 മന്ത്രങ്ങളടങ്ങിയ ഒരു സൂക്തമാണ് പുരുഷസൂക്തം. നാലുവേദങ്ങളിലും അൽപ്പം പാഠഭേദത്തോടെ ഇത് കാണാനാവും. 'ബ്രാഹ്മണോ $f$ സ്യ മുഖമാസിത്' എന്ന മന്ത്രത്തിൽ ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ എന്നിവരെ യഥാക്രമം ശരീരത്തിന്റെ മുഖം, കരങ്ങൾ, മദ്ധ്യഭാഗം (ഊരുഭാഗം), പാദങ്ങൾ എന്നിവയായി ഉപമിച്ചിട്ടുണ്ട്. ഇത് വർണ്ണവ്യവസ്ഥയുടെ ആധാരഭൂതമായ മന്ത്രമാണ്. ജാതിവ്യവസ്ഥയുടേതല്ല.

(തുടരും)

*ധർമ്മം ചര (തൈ. ഉ. 1.11.1)*
*ധർമ്മാചരണം ചെയ്യൂ !*

(മുൻ ലക്കത്തിന്റെ തുടർച്ച)

ആര്യവീർദളം – ബാലപംക്തി

**ആര്യവീരഗാഥ – 2**

# അമരബലിദാനി പണ്ഡിറ്റ്ലേഖ്റാം

കെ.എം.രാജൻ



**ഒ**രിക്കൽ സ്വാമിശ്രദ്ധാനന്ദനും പണ്ഡിറ്റ് ലേഖ്റാമും കർണാൽ ആര്യസമാജത്തിന്റെ ഉത്സവത്തിൽ പങ്കെടുക്കാനെത്തി. ലേഖ്റാമിന്റെ കാലിൽ അല്പം നീരു വന്നിരുന്നു. അത് കൂടുതലായി അദ്ദേഹത്തിന് അവിടെനിന്ന് തിരിച്ചുപോകാൻ പറ്റാത്ത നിലയിലായി. ഒരു ഡോക്ടറെ വിളിക്കാൻ ബന്ധപ്പെട്ടവർ തീരുമാനിച്ചു.എന്നാൽ അത് ഒരു മുസ്ലീം ഡോക്ടറായിരുന്നു. ഇതറിഞ്ഞ ലേഖ്റാം ഉടൻതന്നെ ഇവിടെ ആര്യ ഡോക്ടർമാർ ആരുമില്ലേയെന്നു ചോദിച്ചു. അപ്പോൾ ലാലാ കർത്താരം ചോദിച്ചു. "ഡോക്ടർ ആരായാലെന്താണ്? അവരിൽ ആര്യ–ആനാര്യ വിവേചനം ആവശ്യമുണ്ടോ" ഇതുകേട്ട ലേഖ്റാം ഗൗരവത്തോടെ പറഞ്ഞു. ആര്യസമാജം ഡോക്ടർമാരേയും വിദ്യാലയത്തിലെ അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും ആര്യന്മാരാക്കാൻ ശ്രമിക്കുന്നില്ലെങ്കിൽ എന്തു പ്രചാരമാണ് നാം നൽകുക. ഇതാണ് പ്രചാരത്തിനുള്ള ഏറ്റവും നല്ല ഉപാധി". അദ്ദേഹത്തിന്റെ ഹൃദയം, കൃണ്വന്തോ വിശ്വമാര്യ മെന്ന ഭാവനയിൽ ഉറച്ചതായിരുന്നു.

ലോകത്തെ ശ്രേഷ്ഠമയ (ആര്യമയ) മാക്കുന്നതിനായി താഴെ പറയുന്ന കാര്യങ്ങൾ ചെയ്യണമെന്ന് പണ്ഡിറ്റ് ലേഖ്റാം പറയുമായിരുന്നു.

1. വിധവാവിവാഹം പ്രോത്സാഹിപ്പിക്കണം. എങ്കിൽ ഹിന്ദുക്കളുടെ വിധവകൾ മറ്റുമതക്കാരുടെ അധീനതയിലാവില്ല.
2. ശുദ്ധി പ്രവർത്തനങ്ങൾക്കായി ഒരു സ്ഥിരം സംവിധാനം വേണം. ചെറിയ അപരാധങ്ങൾ മൂലം മതഭ്രഷ്ടരായിത്തീരുന്നവരെ എന്നന്നേക്കുമായി ബഹിഷ്കൃതരാക്കുന്ന സമ്പ്രദായം തുടർന്നാൽ അത് ധർമ്മത്തിന് ഹാനികരമാവും.
3. വേദപ്രചാരത്തിനായി ഒരു സ്ഥിരം സംവിധാനം വേണം. അതുകൊണ്ട് ലോകം മുഴുവൻ വേദപ്രചാരം നടത്താനാവണം.
4. ബാലവിവാഹം നിരോധിക്കണം.
5. വിവിധ ഭാഷകളിൽ വൈദികസാഹിത്യങ്ങൾ പ്രസിദ്ധീകരിക്കണം.
6. സാധു–സന്യാസിമാർ ധർമ്മ പ്രചാരണത്തിൽ മുഴുകണം.
7. ദാന പ്രവർത്തനങ്ങൾ ശരിയായി നടക്കണം. ദാനത്തിന്റെ പേരിൽ ധനം വ്യർത്ഥമാക്കിക്കളയരുത്.

(തുടരും)

*സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)*
*ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !*






# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

വൈദിക–ദാർശനിക മാസിക

പുസ്തകം : 6 ലക്കം 9

**സൃഷ്ടി സംവൽസരം 1972949119/120 കലിവർഷം 5119 / 5120 ഫൽഗുനം – ചൈത്രം 1193 കുംഭം – മീനം 2018 മാർച്ച്**

**രക്ഷാധികാരി**
സ്വാമി ആശുതോഷ്ജി പരിവ്രാജക്

**പത്രാധിപർ**
കെ.എം. രാജൻ

**ഉപദേശക സമിതി**
ആചാര്യ വാമദേവ് ആര്യ
ടി. ആർ. ബാലചന്ദ്രൻ നായർ
വാനപ്രസ്ഥി ശ്രീധര മുനി
വി. ഗോവിന്ദ ദാസ്

**വ്യവസ്ഥാപകൻ: പി. ശിവശങ്കരൻ**


**താളുകൾ മറിക്കുമ്പോൾ**


| | | |
|---|---|---|
| വേദാദ്ധ്യയനം | : | |
| മുഖവാണി | : | 3 |
| ഋഗ്വേദാദി ഭാഷ്യ ഭൂമിക | : | 5 |
| ഉപദേശമഞ്ജരി | : | 6 |
| പുരാണങ്ങൾ:സത്യവും മിഥ്യയും | : | 7 |
| വേദപ്രകാശം പാഠാവലി | : | 8 |
| ജീവിതം ഒരലയാഴി | : | 9 |
| യോഗദർശനം | : | 10 |
| സംശയനിവാരിണി | : | 11 |
| വ്യവഹാര ഭാനുഃ | : | 12 |
| വേദങ്ങളെ അറിയുക | : | 13 |
| അമരബലിദാനി പണ്ഡിറ്റ്ലേഖ്റാം | : | 14 |




**വിലാസം**
**ദയാനന്ദ സന്ദേശം, ആര്യസമാജം,**
**പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ,**
**വെള്ളിനേഴി തപാൽ, പാലക്കാട് – 679 504**
**Ph:9562529095, 9446017440**
**Email:dayanandasandesam@gmail. com**
**Visit us : www.thearyasmaj.org/kerala**


## മുഖവാണി

# ശിവസങ്കൽപ്പം

(തുടർച്ച)



യജുർവ്വേദം പതിനാറാമദ്ധ്യായത്തിൽ ശിവന്റെ അനേകം നാമങ്ങൾ വർണ്ണിക്കുന്നുണ്ട്. ശിവൻ, ഗിരീശൻ, നീലഗ്രീവൻ, സഹസ്രാക്ഷൻ, കപർദ്ദിനൻ, ശതധന്വ, ഹ്രസ്വ, വാമന, മയോഭവ, ശങ്കര, മയസ്കര, ശിവതര, ഭൂതാനാം അധിപതി. ഇന്ന് ലോകത്തിൽ പ്രചാരത്തിലുള്ള അർത്ഥങ്ങളൊന്നുമല്ല വേദങ്ങളിൽ നൽകിയിരിക്കുന്ന ഈ പേരുകൾക്ക് എന്നത് സ്പഷ്ടമാണ്.

വേദങ്ങളിൽ പ്രതിപാദിക്കുന്ന ശിവന്റെ വർണ്ണനക്കനുസരിച്ചാണ് പുരാണകഥകൾ പലതും രൂപപ്പെട്ടത് എന്ന് ചില പണ്ഡിതർ കരുതുന്നുണ്ട്. ഈ ശിവപൂജ വേദകാലത്തുതന്നെ തുടങ്ങി എന്നുമാണ് അവർ വിശ്വസിക്കുന്നത്. ശിവനെ അനേക നാമങ്ങളിൽ വ്യഖ്യാനിക്കാനായി അനേകം കഥകളും ഉണ്ടാക്കപ്പെട്ടിട്ടുണ്ട്. ശിവന്റെ ഉജ്ജ്വലസ്വരൂപത്തിന് കളങ്കം വരുത്തുന്നതാണ് ഈ പുരാണകഥകൾ. ഈ കഥാകാരന്മാർ ശിവന്റെ അജര– അമര ഭാവത്തെ മാനി

*അഗ്നിനാഗ്നിഃ സമിദ്ധ്യതേ (സാമം 944)*
*ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു*

*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ഉപദേശ മഞ്ജരി അഥവാ പൂനാപ്രവചനം




**ഇ**ക്കാലത്ത് വിവിധ സമ്പ്രദായക്കാരായ സാധുക്കൾ (സന്യാസിമാർ) തങ്ങളുടെ ആന്തരിക വൃത്തിക്കനുസരിച്ച് പരമേശ്വരനെ വന്ദിക്കുന്നത് കാണാം. (ഇത് ഉപഹാസരൂപത്തിൽ വിവരിക്കുന്നതാണ്).

ഒരു ബ്രാഹ്മണനായ സാധു പറയുന്നു "രാമനെന്ന ലഡ്ഡുവും ഗോപാലനെന്ന നെയ്യും"

ക്ഷത്രിയസാധു പറയും 'രാമനെന്ന പരിചയും കൃഷ്ണനെന്ന വാളുറയും'

വൈശ്യസാധുപറയും 'രാമനെന്റെ വ്യാപാരത്തെ നയിച്ചാലും'

ശൂദ്രസാധു 'ഹരിയേ ഭജിച്ചാൽ ഹരിയായിതീരും. ജാതിയും വംശവുമൊന്നും ആരും ചോദിക്കില്ല'

**അനാര്യതാ നിഷ്ഠൂരതാ ക്രൂരതാ നിഷ്ക്രിയാത്മതാ।**
**(പുരുഷം വ്യഞ്ജയന്തീഹ ലോകേകലുഷയോനിജമ് ॥**
**പിത്ര്യം വാ ലഭതേ ശീലം മാതുർവ്വോഭയമേവ വാ।)**
**ന കഥംചിദ് ദുര്യോനിഃ പ്രകൃതിം സ്വാംനിയച്ഛതി॥**
**(മനുസ്മൃതി 10.59-60)**

എല്ലാ ഗ്രന്ഥങ്ങളിൽ നിന്നുമുള്ള ജ്ഞാനപ്രാപ്തി നേടലാണ് ബ്രാഹ്മണരുടെ മുഖ്യധർമ്മം. ജ്ഞാനം അഥവാ നിർണ്ണയം, ജ്ഞാനത്തിലൂടെ വിജ്ഞാനം നേടുക എന്നിവയെല്ലാം ബ്രാഹ്മണരുടെ ശ്രേഷ്ഠധർമ്മങ്ങളാണ്. ദൃഢനിശ്ചയത്തിനാണ് വിജ്ഞാനമെന്നു പറയുന്നത്. ഈ ഗുണങ്ങൾ എപ്പോഴാണോ നമ്മേപോലുള്ള ബ്രാഹ്മണർക്ക് ഉണ്ടാവുന്നത്. അപ്പോൾ മാത്രമെ ഈ ദേശം വൈഭവത്തെ പ്രാപിക്കുകയുള്ളൂ. ഇക്കാര്യത്തിൽ ഒരു സംശയവും ഇല്ല. മനു (സ്മൃതിയുടെ)വിന്റെ ഒന്നാം അദ്ധ്യായം നോക്കിയാലും ബ്രാഹ്മണരുടെ വർണ്ണന അവിടെ നൽകിയിട്ടുണ്ട്.

ഇനി ക്ഷത്രിയധർമ്മമെന്തെന്നാൽ തേജസ്സ്, ധൃതി, ദക്ഷത (നൈപുണ്യം), യുദ്ധത്തിൽ വിജയം നേടൽ, ദാനം, ഈശ്വരഭാവം (നേതൃത്വപാടവം) അഥവാ ആജ്ഞ നൽകി പ്രജകളെ നിയന്ത്രിച്ചു നിർത്തുക. ഇജ്യ(യജ്ഞം), അധ്യയനം, ദാനം എന്നീ കർമ്മങ്ങൾ നല്ല പ്രകാരത്തിൽ ചെയ്താൽ മാത്രമേ യഥാർത്ഥ പ്രജാസംരക്ഷണം സാധ്യമാവൂ.

വ്യാപാരികളുടെ (വൈശ്യരുടെ) ധർമ്മം പശുപരിപാലനം, ദാനം, ഇജ്യ(യജ്ഞം) ചെയ്യുകയും ദാനം സ്വീകരിക്കലും കൃഷിപ്പണിയുമാണ്. **(തുടരും)**

*മാ സ്രോധത (ഋഗ്വേദം 6.32.9)*
*ഹിംസ ചെയ്യാതിരിക്കൂ*





*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ? = സംശയ നിവാരിണി
## സംശയങ്ങളിൽ നിന്ന് നിവാരണത്തിലേക്ക്

മദൻ രഹേജ
തർജ്ജമ: സുരി



**അ**തുകൊണ്ട് ആകാശം, സ്പേസ് (Space) എന്നിവ സർവ്വവ്യാപകത്വം കൊണ്ട് ഒന്നാണെന്ന് തോന്നാമെങ്കിലും തത്ത്വമീമാംസാവീക്ഷണത്തിൽ അവ വ്യത്യസ്തമാണ്. ഷഡ്ദർശനത്തിൽ അഞ്ചുതത്ത്വങ്ങളെപറ്റി പ്രതിപാദിച്ചിരിക്കുന്നു. എന്നാൽ വൈശേഷിക ദർശനത്തിൽ ദിക് അഥവാ സ്പേസ് (Space), കാലം (Time) എന്നിവയെപ്പറ്റി വർണ്ണിച്ചിരിക്കുന്നു. അതുകൊണ്ട് ഇതിനെ വൈശേഷികദർശനം എന്നു പറയുന്നു. ആകാശം എന്നാൽ പഞ്ചമഹാഭൂതങ്ങളിൽ ഒന്നാണ്. ശൂന്യമായ സ്ഥലത്തെ സ്പേസ് (Space) എന്നു പറയുന്നു ഈ ശൂന്യമായ സ്ഥലത്താണ് ബാക്കി ഭൂതങ്ങളെല്ലാം സ്ഥിതിചെയ്യുന്നത്.

**ചോദ്യം 69 : ദേവതകൾ എത്രയുണ്ട്? അവ എവിടെ സ്ഥിതിചെയ്യുന്നു.**

**ഉത്തരം :** വേദങ്ങളിൽ 33 ദേവതകളെപ്പറ്റി വർണ്ണിച്ചിരിക്കുന്നു. മഹാദേവൻ എന്നുവിളിക്കപ്പെടുന്ന പരമാത്മാവ് 34-ാം മത്തെ ദേവതയാണ്.

**യസ്യത്രയസ്ത്രിംശദ് ദേവാ അംഗേ സർവ്വേ സമാഹിതാ।**
**സ്കംഭം തം ബ്രൂഹി കതമഃ സ്വിദേവ സഃ॥**
**(അഥർവ്വവേദം 10.7.13)**

**ഭാവാർത്ഥം:** പരമേശ്വരന്റെ സാമർത്ഥ്യത്താലാണ് ഈ വസുക്കൾ - പദാർത്ഥങ്ങൾ ഈ പ്രപഞ്ചത്തെ ധാരണം ചെയ്യുന്നത്.

33 ദേവതകൾ ഇപ്രകാരമാണ്.

**8 വസുക്കൾ** - പൃഥിവി, ജലം, അഗ്നി, വായു, അന്തരീക്ഷം, ദ്യൗഃ, ചന്ദ്രൻ, നക്ഷത്രം

**11 രുദ്രന്മാർ** - പ്രാണൻ, അപാനൻ, വ്യാനൻ, ഉദാനൻ, നാഗം, കൂർമ്മം, കൃകലം, ദേവദത്തം, ധഞ്ജയം എന്നീ പത്തു പ്രാണങ്ങളും പതിനൊന്നാമത്തേതായി ജീവാത്മാവും (ഇത് ശരീരം ത്യജിക്കുന്നമ്പോൾ മരണം സംഭവിക്കുകയും ബന്ധുക്കൾ കരയുകയും ചെയ്യുന്നു. ഇക്കാരണത്താൽ ഇതിനെ രുദ്രൻ അഥവാ കരയിപ്പിക്കുന്നവൻ എന്നു പറയുന്നു).

**12 ആദിത്യന്മാർ** - അതായത് 12 മാസങ്ങൾ

**1 ഇന്ദ്രൻ അഥവാ വൈദ്യുതി**

**1 പ്രജാപതി അഥവാ യജ്ഞം**

**ആകെ 33 ദേവതകൾ**

**(തുടരും)**

*ന വിത്തേന തർപ്പണീയോ മനുഷ്യ (കഠം 1.27)*
*മനുഷ്യൻ ഒരിക്കലും ധനത്താൽ തൃപ്തനാവില്ല*



(മുൻ ലക്കത്തിന്റെ തുടർച്ച)

# വ്യവഹാര ഭാനുഃ

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ: കെ.എം.രാജൻ

**ഹുഡഭംഗൻ** : വളരെ മനുഷ്യന്മാർ പണ്ഡിതന്മാരായിരുന്നിട്ടും ദരിദ്രരായി പിച്ച തെണ്ടുകയും പഠിക്കാത്തവർ രാജ്യം ഭരിക്കുകയും ധനവാന്മാരായിരിക്കുകയും കാണുന്നുണ്ടല്ലോ?

**സജ്ജനം** : പ്രിയമുള്ളവനെ കേട്ടാലും! സുഖദുഃഖങ്ങളുടെ സംയോഗം ആത്മാവിലാണ്. എവിടെയാണോ വിദ്യാരൂപിയായ സൂര്യന്റെ അഭാവവും അവിദ്യാന്ധകാരത്തിന്റെ ഭാവവും ഉള്ളത് അവിടെ ദുഃഖങ്ങൾ നിറഞ്ഞിരിക്കും. സുഖത്തെക്കുറിച്ചെന്തു പറയാൻ? എവിടെയാണോ വിദ്യ പ്രകാശിച്ച് അവിദ്യയാകുന്ന അന്ധകാരത്തെ ഇല്ലാതാക്കുന്നത് അപ്പോൾ ആത്മാവിൽ സദാ ആനന്ദവും ദുഃഖത്തിന്റെ നാശവും ഉണ്ടാവും. ഹുഡഭംഗൻ ഇതുകേട്ട് തലകുനിച്ച് മൗനം പ്രാപിച്ചു.

**ചോദ്യം : ആചാര്യൻ ഏതു രീതിയിൽ വിദ്യയും നല്ല ശീലങ്ങളും പഠിപ്പിക്കുകയും വിദ്യാർത്ഥികൾ പഠിക്കുകയും ചെയ്യണം?**

**ഉത്തരം** : സമാഹിത ചിത്തനായി വിദ്യയും ശീലങ്ങളും വിദ്യാർത്ഥിയുടെ ആത്മാവിൽ സുനിശ്ചിതമായ അർത്ഥത്തോടുകൂടി നൽകി ഉത്സാഹത്തെ വർദ്ധിപ്പിക്കട്ടെ. വിദ്യാർത്ഥി അധർമ്മയുക്തനാവാൻ ഇടയാക്കുന്ന പ്രവൃത്തികളൊന്നും ആചാര്യൻ ചെയ്യരുത്.

**ദൃഷ്ടാന്തം** : കൈകൊണ്ടുള്ള ആംഗ്യങ്ങൾ, യന്ത്രം, കലാകൗശലവിചാരം മുതലായവയാൽ പദാർത്ഥത്തിന്റെ നിശ്ചിതവും യഥാതഥവുമായ രൂപം വിദ്യാർത്ഥിയുടെ മനസ്സിൽ പതിയുകയും ആത്മാവിൽ സാക്ഷാത്കൃതമാവുകയും ചെയ്യത്തക്കവണ്ണം ഒന്നിനെ ഇങ്ങനെ ഗ്രഹിച്ചാൽ അനേകം പദാർത്ഥങ്ങളുടെ യഥാർത്ഥരൂപവും ഗുണവും അറിയാൻ കഴിയുമോ അതുപോലെ പഠിപ്പിക്കണം. ആചാര്യൻ സ്വന്തം മനഃസാക്ഷിയിൽ കുറിച്ചുവെക്കേണ്ട ചില കാര്യങ്ങളുണ്ട്. ലോകത്തിൽ വിദ്യയും ധർമ്മാചരണവും അഭിവൃദ്ധിപ്രാപിക്കണം. താൻ പഠിപ്പിക്കുന്നവർ അറിവില്ലാത്തവരും താന്തോന്നികളുമായി തീർന്ന് തനിക്ക് നിന്ദാകാരണമാവാൻ ഇടയാകരുത്. അവിദ്യാവൃദ്ധിക്കും വിദ്യയുടെ ഭംഗത്തിനും താൻ കാരണക്കാരനായി തീരരുത്. സർവ്വാത്മാവായ പരമേശ്വരന്റെ ഗുണ-കർമ്മ സ്വഭാവങ്ങൾക്കു വിരുദ്ധമായി തന്റെ ഗുണകർമ്മസ്വഭാവങ്ങൾ മാറുകയും തൻമൂലം തനിക്ക് മഹാദുഃഖം അനുഭവിക്കാൻ ഇടവരരുത്. തനിക്കു സുഖവും ദുഃഖവും നൽകുന്നവ അന്യനും അപ്രകാരം തന്നെ സുഖദുഃഖങ്ങൾ നൽകുന്നവയാണെന്നറിഞ്ഞ് മനസ്സിലാക്കി ധർമ്മത്തെ ഒരിക്കലും വെടിയാതെ പ്രവർത്തിക്കുന്നവനാകണം ആചാര്യൻ.

(തുടരും)

*തേന ത്യക്തേന ഭുഞ്ജീഥാഃ (യജുർവ്വേദം 40.1)*
*ത്യാഗഭാവത്തോടെ സാംസാരിക സുഖങ്ങൾ അനുഭവിച്ചാലും !*







(മുൻ ലക്കത്തിന്റെ തുടർച്ച)

# ഋഗ്വേദാദി ഭാഷ്യ ഭൂമിക

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ: കെ.എം.രാജൻ

## അദ്ധ്യായം - 3 വേദനാംനിത്യത്വ വിചാരഃ

**ഉ**ദാഹരണത്തിന് 'വേദപാർ ഗമ് ഡ സു, ഭൂ ശപ് തി പ്' എന്ന പദ സമുദായ വാക്യത്തിന്റെ സ്ഥാനത്ത് 'വേദപാരഗോ f ഭവത്' എന്ന സമുദായ പ്രയോഗമാണുള്ളത്. ഇതിൽ ഏതൊരാൾക്കും തന്റെ ബുദ്ധിയാൽ 'അമ് ഡ് ഉ ശ് പ് ഇ പ്' നിവൃത്തിയുണ്ടാവുന്നു. അയാളുടെ ബുദ്ധിയിൽ ഭ്രമം മാത്രമാണുള്ളത്. എന്തെന്നാൽ ശബ്ദങ്ങളുടെ സമുദായത്തിന്റെ സ്ഥാനത്ത് മറ്റു ശബ്ദസമുദായങ്ങളുടെ പ്രയോഗം ചെയ്യാവുന്നതാണ്. അതിനാൽ ഈ അഭിപ്രായം 'ദാക്ഷിയുടെ പുത്രൻ' പാണിനിമുനിയുടേതാണ്. അദ്ദേഹമാണ് അഷ്ടാദ്ധ്യായി തുടങ്ങിയ വ്യാകരണഗ്രന്ഥങ്ങൾ രചിച്ചത് (ഇപ്രകാരം 'അട്ട്' ന്റെ ആഗമവും 'ഭൂ' വിന്റെ സ്ഥാനവും 'ഭോ' വികാരത്തിന്റെ വിഷയവും ഉൾക്കൊള്ളണം). അതിനാൽ ഇപ്രകാരമുള്ള (വൈദികമുദ്രാലയത്തിൽ അച്ചടിച്ച ഗ്രന്ഥത്തിൽ 'സോ മത് ഇസ്പ്രകാർ സെഹേ' എന്ന ശബ്ദം അസംബന്ധമാണ്) ശബ്ദം നിത്യമാണ്.

അതേപോലെ (തഥാ..... കഹ്തേ ഹേ എന്ന പാഠം വൈദികയന്ത്രാലയത്തിൽ അച്ചടിച്ച ഗ്രന്ഥത്തിൽ അസ്ഥാനത്താണ് കാണുന്നത്). കാതുകൊണ്ട് കേട്ട ആർക്കാണോ ഗ്രഹിക്കാനാവുന്നത്, ബുദ്ധികൊണ്ട് അറിയാനാവുന്നത്, വാക് ഇന്ദ്രിയത്തിന്റെ ഉച്ചാരണത്താൽ പ്രകാശിപ്പിക്കപ്പെടുന്നത്, ആരുടെ നിവാസ സ്ഥാനം ആകാശമാവുന്നുവോ ഉച്ചാരണം, ശ്രവണം തുടങ്ങിയ നമ്മുടെ ക്രിയകൾ ക്ഷണഭംഗമായതിനാൽ അനിത്യമായി ഗണിക്കാറുണ്ട്. ഇതുകൊണ്ട് ശബ്ദം അനിത്യമാണെന്നു വരുന്നില്ല. എന്തെന്നാൽ നമ്മുടെ വാണി വർണ്ണ-വർണ്ണങ്ങളാൽ വ്യത്യസ്തമായി തോന്നാമെങ്കിലും ശബ്ദം എപ്പോഴും അഖണ്ഡവും ഏകരസവുമായിരിക്കും.

നനു ച പ്രഭോഃ! ശബ്ദോ f ത്യുപരതാഗതോ ഭവതി (ഇഹശബ്ദോ f പ്യുപരതോ f നാഗതശ്ച ഭവതി' ഇതി പാഠോയുക്തഃ പ്രതീയതെ ഉത്തരവാക്യേ തഥൈവ വ്യാഖ്യാതത്ത്വാത്) ഉച്ചാരിത ഉപാഗച്ഛതി| (ഇഹ 'ഉച്ചാരിതോ f പഗച്ഛതി'ഇത്യേവ സാധീയാൻ പാഠഃ പ്രതിഭാതി, പൂർവ്വത്ര 'ഉപരത ശബ്ദപ്രയോഗാത്'|പൂർവ്വത്ര വാ 'പ്യുപാഗതാനഗതോ' ഇത്യേവംപാഠഃ കൽപ്പനീയഃ|) അനുച്ചാരിതോ f നാഗതോ ഭവതി, വാക് ക്രിയാവത്| പുനസ്തസ്യ കഥം തിത്യത്വം ഭവേത്?

(തുടരും)

*ഭദ്രാ രാതിഃ (സാമം 111)*
*പരമേശ്വരനാൽ നൽകപ്പെട്ട ദാനം ഞങ്ങൾക്ക് മംഗളകാരിയായി ഭവിക്കട്ടെ*



(മുൻ ലക്കത്തിന്റെ തുടർച്ച)

# യോഗദർശനം

## (മഹർഷി വ്യാസഭാഷ്യസഹിതം)

സ്വാമി സത്യപതി പരിവ്രാജക്
തർജ്ജമ : കെ.എം. രാജൻ

**'യോ**ഗ'ത്തിന്റെ കുറച്ചുകൂടി വിസ്തൃതമായ പരിഭാഷ ഇപ്രകാരം മനസ്സിലാക്കാം. മനസ്സിലെ സമസ്ത അനാവശ്യ വിചാരങ്ങളേയും ചിന്ത, ക്രോധം, സമ്മർദ്ദം (ടെൻഷൻ) , ഖിന്നത, ചഞ്ചലത, ഘൃണാ, അഭിമാനം തുടങ്ങിയവയെ തടഞ്ഞുനിർത്തി മനസ്സിനെ അഭീഷ്ട ധ്യേയ ആത്മാവ് അഥവാ പ്രാകൃതിക പദാർത്ഥങ്ങളാൽ നിയുക്തരാക്കി അതിന്റെ യഥാർത്ഥ സ്വരൂപത്തെ അറിയികയും മനസ്സിന്റെ സാത്വികവൃത്തിയുടെ കൂടി നിരോധം ചെയ്ത് ഈശ്വരനെ സാക്ഷാത്കരിക്കലാണ് യോഗം.

## യോഗസാധനക്കുവേണ്ടുന്ന ഉപായങ്ങൾ

യമനിയമാദി എട്ടംഗങ്ങൾ, വിവേകഖ്യാതി, വൈരാഗ്യം, അഭ്യാസവും ഉയർന്ന ഈശ്വര പ്രണിധാനം എന്നിവ യോഗസാധനക്കുള്ള ഉപായങ്ങളാണ്.

സാധനയുടെ പ്രാരംഭിക വേളയിൽ യോഗാഭ്യാസി വ്യവഹാരത്തിൽ യമനിയമങ്ങളുടെ പാലനംചെയ്ത് ഈശ്വരൻ, ജീവാത്മാവ് പ്രകൃതി എന്നിവയുടെ യഥാർത്ഥ സ്വരൂപം അറിയാനായി സ്വസ്തികാസനം തുടങ്ങിയ ഏതാനും ആസനങ്ങൾ സ്വീകരിക്കുകയും മനസ്സിനെ തടഞ്ഞുനിർത്തുന്നതിനായി പ്രാണായാമവും ചെയ്യുന്നു.

മനസ്സിനെ തടഞ്ഞുനിർത്തുന്നതോടുകൂടി നേത്രാദി ഇന്ദ്രിയങ്ങൾ രൂപം തുടങ്ങിയ വിഷയങ്ങളുമായുള്ള സംബന്ധം ഇല്ലാതാക്കി ശാന്തമായിതീരുന്നു. ഈ സ്ഥിതിവിശേഷത്തിന് 'പ്രത്യാഹാര' മെന്നു പറയുന്നു.

നിയന്ത്രണവിധേയമായ മനസ്സിനെ ധ്യേയപദാർത്ഥത്തിന്റെ സാക്ഷാത്ക്കാരത്തിനായി ശരീരത്തിന്റെ ഏതെങ്കിലും പ്രത്യേക സ്ഥാനത്ത് – ഹൃദയാകാശം, ഭ്രൂമദ്ധ്യം, കണ്ഠം തുടങ്ങിയവയിൽ സ്ഥിരമാക്കി നിർത്തുന്നതിനെ 'ധാരണ' എന്നു പറയുന്നു. ധാരണ ഉറപ്പിച്ചിടത്ത് ധ്യേയവസ്തുവിന്റെ ചിന്തനം ഒരു പ്രവാഹംപോലെ ഉണ്ടാക്കിയെടുക്കുന്നതാണ് ധ്യാനം.

വിവേകം, വൈരാഗ്യം എന്നിവയുമായി ബന്ധപ്പെട്ട കുറച്ചറിവുകൾ ഇനി വിവരിക്കാം. ഈ ദർശനത്തിൽ 'സത്വപുരുഷാന്യതാഖ്യാതി മാത്രമ്' എന്നതിലൂടെ വിവേകഖ്യാതിയെ പരിഭാഷപ്പെടുത്തിയിരിക്കുന്നു. ബുദ്ധി, പുരുഷൻ (ആത്മാവ്) എന്നിവ വേവ്വേറെയാണെന്ന് ജ്ഞാനമുണ്ടാവുന്നതാണ് വിവേകഖ്യാതി. സമ്പ്രജ്ഞാത സമാധിയുടെ ഉന്നത തലത്തിൽ ഈ വിവേകഖ്യാതിയുണ്ടാവുന്നു. ഈ നില കൈവരിക്കുന്ന സാധകൻ ബുദ്ധിയെ വേർതിരിച്ചറിഞ്ഞ് ആത്മസ്വരൂപത്തെ സാക്ഷാത്ക്കരിക്കുന്നു.

(തുടരും)

*ആരോഹ തമസോ ജ്യോതിഃ (അഥർവ്വം 8.1.8)*
*അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്ക് മുന്നേറിയാലും*





(മുൻ ലക്കത്തിന്റെ തുടർച്ച)



# പുരാണങ്ങൾ; സത്യവും മിഥ്യയും

കെ. എം. രാജൻ

**അദ്ധ്യായം 2** — **പുരാണങ്ങളുടെ സംക്ഷിപ്ത പരിചയം**

**1. ബ്രഹ്മപുരാണം:** പുരാണങ്ങളുടെ ക്രമത്തിൽ പ്രഥമസ്ഥാനം ബ്രഹ്മപുരാണത്തിനാണെന്ന് പറയപ്പെടുന്നു. ബ്രഹ്മാവിനാൽ പറയപ്പെട്ടതും ശ്രീകൃഷ്ണനെ ബ്രഹ്മമായി കണക്കാക്കി നിരൂപണം ചെയ്യുന്നതുമൂലവും ഇതിനെ ബ്രഹ്മപുരാണമെന്നറിയപ്പെടുന്നു. സമ്പൂർണ്ണ ബ്രഹ്മപുരാണത്തിൽ 246 അദ്ധ്യായങ്ങളുണ്ട് (ഇതിൽ പാഠഭേദങ്ങൾ കണ്ടെന്നുവരാം). ഖണ്ഡം, സ്കന്ദം തുടങ്ങിയ വിഭാജനങ്ങളില്ല. പതിനായിരത്തോളം ശ്ലോകങ്ങളുണ്ടിതിൽ ബ്രഹ്മാവ് മരീചിക്ക് പറഞ്ഞുകൊടുക്കുന്ന കഥ ലോമഹർഷണ സൂതൻ സനകാദി മഹർഷിമാർക്ക് പറഞ്ഞുകൊടുക്കുന്ന തരത്തിലാണിതിലെ ഘടന. സൃഷ്ടിയുടെ ഉൽപ്പത്തി, പൃഥുവിന്റെ ചരിത്രം എന്നിവയുടെ വർണ്ണനയാണാദ്യം. തുടർന്ന് 14 മന്വന്തരങ്ങൾ, വിവസ്വാന്റെ (സൂര്യൻ) സന്തതി പരമ്പരകൾ എന്നിവയുടെ വിവരണമാണ്. സൂര്യഭഗവാന്റെ ഉപാസന ഇതിലെ ഒരു പ്രമുഖ പ്രതിപാദ്യമാണ്. ഒറീസ്സയിലെ കോണാർക്ക് സൂര്യക്ഷേത്രത്തിന്റെ വിവരണമുണ്ട്. തുടർന്ന് ചന്ദ്രവംശവർണ്ണനയിൽ ശ്രീകൃഷ്ണന്റെ അലൗകിക ചരിത്രമാഹാത്മ്യം പറയുന്നു. ജംബുദ്വീപ് തുടങ്ങിയ വിഭിന്നദ്വീപുകളുടെയും ഭാരതവർഷത്തിന്റെ മഹിമയേക്കുറിച്ചും വർണ്ണിക്കുന്നു. പാർവ്വതീ ആഖ്യാനമാണ് ഈ പുരാണത്തിന്റെ വിശേഷമായ ഒരു പ്രതിപാദ്യം. 34-ാം അദ്ധ്യായം മുതൽ ഇത് ആരംഭിക്കുന്നു. ശിവപാർവ്വതിമാരുടെ പല കഥകളും ഇവിടെ പറയുന്നുണ്ട്.

തീർത്ഥങ്ങളുടെ മാഹാത്മ്യമാണ് മറ്റൊരു സവിശേഷത 79-ാം അദ്ധ്യായം മുതൽ ഇരുനൂറോളം തീർത്ഥങ്ങളേക്കുറിച്ച് പറയുന്നുണ്ട്. അവയുടെ പാപമോചനശക്തിയെക്കുറിച്ചും പരിപാവനതയെക്കുറിച്ചുമെല്ലാം സവിസ്തരം പ്രതിപാദിക്കുന്നുണ്ട്. ഗൗതമി നദിയുടെ മഹിമയെ ഭംഗിയായി പ്രതിപാദിക്കുന്നുണ്ട്. ഗൗതമിനദിയുടേയും ഗോദാവരിനദിയുടെയും പവിത്രതയേയും ദിവ്യതയേയും കുറിക്കുന്ന ഭാഗങ്ങളാണ് ഈ പുരാണത്തിന്റെ പകുതിയോളം എന്നുതന്നെ പറയാം. ഈ വർണ്ണനയോടൊപ്പം അഞ്ജന-കേസരീ-ഹനുമാൻ ആഖ്യാനം, ഭാർഗ്ഗവ-അങ്ഗിര ആഖ്യാനം, അജീഗർത്ത-ശുനഃശേഷ ആഖ്യാനം, ദധീചി-ലോപായുക്ത പിപ്പലാദ ആഖ്യാനം, മധുച്ഛന്ദസ ആഖ്യാനം, സരമാ-പാണി ആഖ്യാനം, നാഗമാതാവായ കദ്രു, ഗരുഡമാതാവായ വിനതാ എന്നിവരുടെ കഥകൾ, പരശു-ശാകല്യ ചിച്ചികപക്ഷി ആഖ്യാനം എന്നിവയുമുണ്ട്.

(തുടരും)

*മാ സ്രേധത (ഋഗ്വേദം 6.32.9)*
*ഹിംസ ചെയ്യാതിരിക്കൂ*



(മുൻ ലക്കത്തിന്റെ തുടർച്ച)

# വേദപ്രകാശം പാഠാവലി

ജാതവേദൻ

## പാഠം 10 — വ്യവഹാരം, ഭക്ഷണ – പാനീയങ്ങൾ

ചോദ്യം 18 : ഭക്ഷണം എപ്പോഴൊക്കെയാണ് കഴിക്കേണ്ടത്?

ഉത്തരം : കാലത്ത് ഉണർന്നെഴുന്നേറ്റ് 5-6 മണിക്കൂറുകൾക്ക് ശേഷവും രാത്രിയിൽ ഉറങ്ങുന്നതിനു രണ്ടു മൂന്നു മണിക്കൂറുകൾക്ക് മുമ്പുമാണ് ഭക്ഷണം കഴിക്കേണ്ടത്.

ചോദ്യം 19 : ഭക്ഷണത്തിനുമുമ്പ് എന്താണ് പ്രാർത്ഥിക്കേണ്ടത്?

ഉത്തരം : "അല്ലയോ ഈശ്വരാ! അങ്ങയുടെ കൃപയാൽ എനിക്ക് ഭക്ഷണം ലഭിച്ചു. ഭക്ഷണത്താൽ എനിക്ക് ഉത്തമാരോഗ്യം, ദീർഘായുസ്സ്, ബലം, ബുദ്ധി ശക്തി എന്നിവ വർദ്ധിക്കട്ടെ" ഇതാണ് ഭക്ഷണത്തിനുമുമ്പ് പ്രാർത്ഥിക്കേണ്ടത്.

## പാഠം – 11
## മഹർഷി ദയാനന്ദൻ

**ചോദ്യം 1 : മഹർഷി ദയാനന്ദന്റെ ജനനം എവിടെയായിരുന്നു?**

ഉത്തരം : ഗുജറാത്തിലെ ടംകാര എന്ന ഗ്രാമത്തിലാണ് മഹർഷി ദയാനന്ദൻ ജനിച്ചത്.

**ചോദ്യം 2 : സ്വാമി ദയാനന്ദന്റെ ബാല്യകാല നാമമെന്തായിരുന്നു?**

ഉത്തരം : മൂൽശങ്കർ

**ചോദ്യം 3 : സ്വാമി ദയാനന്ദന് സന്യാസദീക്ഷ നൽകിയതാര്?**

ഉത്തരം : സ്വാമി പൂർണ്ണാനന്ദൻ

**ചോദ്യം 4 : സ്വാമി ദയാനന്ദന്റെ ഗുരു ആരായിരുന്നു?**

ഉത്തരം : ഗുരു വീരജനന്ദ്

**ചോദ്യം 5 : സ്വാമി ദയാനന്ദനെ എത്രപ്രാവശ്യം വിഷം നൽകി അപായപ്പെടുത്താൻ ശ്രമിച്ചു?**

ഉത്തരം : 18 തവണ

**ചോദ്യം 6 : അവസാനമായി സ്വാമിജിക്ക് വിഷം നൽകിയത് എവിടെവെച്ചായിരുന്നു?**

ഉത്തരം : ജോധ്പൂരിൽവെച്ച്

**ചോദ്യം 7 : സ്ത്രീകൾക്ക് വേദം പഠിക്കാനും യജ്ഞം ചെയ്യാനും ആധുനികഭാരതത്തിൽ അധികാരം നൽകിയാതാരാണ്?**

ഉത്തരം : മഹർഷി ദയാനന്ദസരസ്വതി

**ചോദ്യം 8 : വൈദികമായ 16 സംസ്കാരങ്ങളെക്കുറിച്ചു വിവരിക്കുന്ന ഗ്രന്ഥമേതാണ്?**

ഉത്തരം : സംസ്കാരവിധി

**ചോദ്യം 9 : സത്യാർത്ഥപ്രകാശത്തിൽ എത്രസമുല്ലാസങ്ങളുണ്ട്?**

ഉത്തരം : 14

**ചോദ്യം 10 : ആര്യസമാജം സ്ഥാപിച്ചതാര്?**

ഉത്തരം : മഹർഷി ദയാനന്ദസരസ്വതി

(അവസാനിച്ചു)

*യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7.23)*
*ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ*





(മുൻലക്കത്തിന്റെ തുടർച്ച)

# ജീവിതം ഒരല്പയാഴി

ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി

## അദ്ധ്യായം –5



**ദുരനമ്മെ നശിപ്പിക്കും**
**ഇഞ്ചിഞ്ചായ് ക്ഷയമെന്നപോൽ**
**കിട്ടീതിൽ തൃപ്തനാകേണം**
**അതിനാൽ ശാന്തിമോഹികൾ**

എന്ന കവിവാക്യം പാച്ചനോർമ്മവന്നു. വിനീതമായ പെരുമാറ്റത്തിലും സംഭാഷണത്തിലും പ്രഥമ ദൃഷ്ട്യാ തന്നെ പാച്ചൻ സത്യവാനാണെന്നു തോന്നിയതിനാലാണ് അയാളെ മാനേജർ സ്വീകരിച്ചത്. വാട്ടർ സപ്ലയറായി പാച്ചൻ നിയമിക്കപ്പെട്ടു.

ഈ വേർപാടിൽ രഘു അതൃപ്തി അറിയിച്ചുവെങ്കിലും ആത്മാഭിമാനിയായ പാച്ചൻ അയാളോട് അതീവ സൗഹാർദ്ദത്തോടെ നന്ദിപറഞ്ഞ് യാത്രയും ചൊല്ലി ഹോട്ടലിൽ താമസമാക്കി.

അങ്ങനെ പാച്ചൻ ഹോട്ടൽ തൊഴിലാളിയായിട്ട് ഒന്നുരണ്ടു മാസം കഴിഞ്ഞു. അയാളുടെ സത്യസന്ധവും കൃത്യനിഷ്ഠവുമായ പെരുമാറ്റം മാനേജരെ ഹഠാദാകർഷിച്ചു. ഇത്രയും കുറച്ചുകാലം കൊണ്ട് പാച്ചൻ മാനേജരിൽ ഒരു പ്രത്യേക മമതയുടെ വിത്തു പാകിക്കഴിഞ്ഞിരുന്നു.

ഒരു ദിവസം വലിയ ഉദ്യോഗസ്ഥനാണെന്നു തോന്നുന്ന ഒരാൾ കാറിൽ വന്നുകയറി. മാനേജർ ബഹുമാനപൂരസ്സരം എഴുന്നേറ്റ് അദ്ദേഹത്തെ സ്വാഗതം ചെയ്തു. മാനേജറോടദ്ദേഹം സ്വകാര്യമായി – മറുചെവികേൾക്കാതെ– എന്തൊക്കെയോ മന്ത്രിച്ച് വേഗം എഴുന്നേറ്റ് "എന്നാൽ നാളെ ട്ടോ" എന്നു പറഞ്ഞ് കാറിൽ കയറി തിരിച്ചുപോയി. പാച്ചനതിലൊന്നും അത്രശ്രദ്ധിച്ചില്ല. സ്വന്തം ജോലിയിലായിരുന്നു അയാളുടെ ശ്രദ്ധമുഴുവനും. ഉദ്യോഗസ്ഥൻപോയതിനുശേഷം മാനേജർ പാച്ചനെ മാടിവിളിച്ചു.

"ഈ വന്നുപോയആൾ ആരാണെന്നു മനസ്സിലായോ? – മാനേജർ മുഖവുരയായി ചോദിച്ചു.

" ഇല്ല്യാ, ഞാനറിയില്ല്യ. പിന്നെ എനിക്കങ്ങനെയുള്ള കാര്യങ്ങളിലൊന്നും ഇടപെടേണ്ട ആവശ്യവുമില്ലല്ലോ?" പാച്ചൻ നിസ്സംഗനായി പറഞ്ഞു.

(തുടരും)

*യന്തി പ്രമാദമതന്ദ്രാഃ (സാമം 721)*
*ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു*